# Telephone Conversation between PM and Prime Minister of Bhutan

April 16, 2020

## പ്രധാനമന്ത്രിയും ഭൂട്ടാൻ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

ഏപ്രിൽ 16, 2020.

ഭൂട്ടാനിലെ പ്രധാനമന്ത്രിയായ (ലിയോൺചെൻ) ഡോ: ലോത്തെ ഷെറിംഗുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പ്രാദേശികമായ സാഹചര്യങ്ങൾ രണ്ട് പ്രധാനമന്ത്രിമാരും തമ്മിൽ ചർച്ച ചെയ്തു. കൂടാതെ ഇതിന്റെ പ്രത്യാഘാതങ്ങളെ നിയന്ത്രിക്കുന്നതിന് രണ്ട് സർക്കാരുകളും സ്വീകരിച്ചിട്ടുള്ള നടപടികൾ പരസ്പരം അറിയിക്കുകയും ചെയ്തു.

തന്റെ രാജ്യത്ത് രോഗവ്യാപനം പരിമിതപ്പെടുത്തുന്നതിനായി മഹാനായ ഭൂട്ടാൻ രാജാവും ലിയോൺചെനുമായ ഡോക്ടർ ഷെറിംഗ് മുൻനിരയിൽ നിന്നും നയിച്ച പ്രവർത്തനരീതികളോട് പ്രധാനമന്ത്രി ആരാധന പ്രകടിപ്പിച്ചു.

ഇന്ത്യയെ പോലുള്ള വലുതും സങ്കീർണവുമായ ഒരു രാജ്യത്ത് ഇത്തരമൊരു പകർച്ചവ്യാധിയെ എതിരിടുന്നതിന് പ്രാദേശികതലത്തിൽ കോവിഡിനെതിരായ പ്രവർത്തനങ്ങൾ ഏകോപനത്തോടെ നയിച്ചതിന് ലിയോൺചെൻ ഡോക്ടർ ഷെറിംഗ് പ്രധാനമന്ത്രിയോട് നന്ദി അറിയിച്ചു.

SAARC രാജ്യങ്ങളുടെ നേതാക്കൾക്കിടയിൽ മാർച്ച് 15 ന് പരസ്പരം സമ്മതിച്ച പ്രത്യേക ഉടമ്പടികൾ നടപ്പാക്കുന്നതിനുള്ള പുരോഗതിയിൽ നേതാക്കൾ സന്തോഷം പ്രകടിപ്പിച്ചു.

ഇന്ത്യ ഭൂട്ടാൻ ബന്ധത്തിന്റെ കാല പരിധികൾ ഇല്ലാത്തതും പ്രത്യേകവുമായ സവിശേഷത പ്രധാനമന്ത്രി പരാമർശിക്കുകയും കൂടാതെ പകർച്ചവ്യാധിയുടെ ആരോഗ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനായി സാധ്യമായ എല്ലാ പിന്തുണയും ഇന്ത്യ നൽകുമെന്ന് ലിയോചെൻ ഉറപ്പ് നൽകുകയും ചെയ്തു.

രാജാവും ലിയോചെനുമായ ഡോക്ടർ ഷെറിംഗിനും ഡ്രാർക്ക് യൂളിലെ സൗഹാർദ്ദപരമായ ജനതയ്ക്കും നല്ല ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനുമായുള്ള ആശംസകളും അദ്ദേഹം അറിയിച്ചു.

ന്യൂഡൽഹി
16 ഏപ്രിൽ, 2020.

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.